**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2753** **14-09-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | കാഞ്ഞിരപ്പള്ളി പാറത്തോട് പഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി പ്രവേശനപാത വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സ്വീകരിച്ചു വരുന്നു. |
| (ബി) | നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി പ്രസ്തുത എസ്റ്റേറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രവേശന പാത വീതികൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 75 ലക്ഷം രൂപ നഷ്ടപരിഹാര തുകയായി അടയ്ക്കേണ്ടതുണ്ട്. പ്രാഥമിക എസ്റ്റിമേറ്റ് പ്രകാരം എസ്റ്റേറ്റിന്റെ നിർമ്മാണ ചെലവ് 4.5 കോടി രൂപയാണ്. തുക ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ സംഘം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ